**MARY MATHA ARTS & SCIENCE COLLEGE MANANTHAVADY**

**കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് 2023-24**

**പൊതു നിർദേശങ്ങൾ**

1. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ അറിയിപ്പുകളും കോളേജ് വെബ്സൈറ്റിലും, കോളേജ് നോട്ടീസ് ബോർഡിലും അതാത് സമയങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.
2. തെരഞ്ഞെടുപ്പ് പ്രചരണാർഥം 19-09-23 മുതൽ 28-09-2023 വരെ, വെള്ളിയാഴ്ചത്തെ സമയക്രമം ആയിരിക്കും പിന്തുടരുന്നത്.
3. ക്യാമ്പസിനകത്ത്, പതാകകൾ, കൊടിതോരണങ്ങൾ, ഉച്ചഭാഷിണികൾ, ബാനറുകൾ, വാദ്യോപകരണങ്ങൾ, സ്റ്റിക്കറുകൾ, പോസ്റ്ററുകൾ, ചുവരെഴുത്തുകൾ എന്നിവ അനുവദിക്കുന്നതല്ല.
4. പ്രിന്റ് ചെയ്ത പോസ്റ്ററുകൾ പ്രചാരണത്തിന് ഉപയോഗിക്കാൻ പാടില്ല.
5. മുദ്രാവാക്യങ്ങളും, റാലികളും, ക്യാമ്പസ്സിനകത്ത് അനുവദിക്കുന്നതല്ല.
6. ക്യാമ്പസ്സിന്റെ പ്രവേശന കവാടങ്ങൾ രണ്ടും( Main road side & near to security cabin) ബാനറുകളോ പതാകകളോ കൊടിതോരണങ്ങളോ ഉപയോഗിച്ച് മറയ്ക്കാൻ പാടില്ല.
7. ക്ലാസ്സ് സമയങ്ങളിൽ, തെരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങളോ, പ്രചാരണ പ്രവർത്തനങ്ങളോ അനുവദിക്കുന്നതല്ല. അനുവദനീയമായ സമയത്ത് സ്ഥാനാർത്ഥിക്ക് പ്രചാരണം നടത്താവുന്നതാണ്.
8. തെരഞ്ഞെടുപ്പ് പ്രചാരണം 28/09/2023 ന് 12.30 pm വരെ ആയിരിക്കും.
9. നോമിനേഷൻ സമർപ്പിക്കുമ്പോൾ പേരുകൾ വോട്ടർ പട്ടികയിൽ ചേർത്തിരിക്കുന്നതുപോലെ എഴുതേണ്ടതാണ്.
10. നോമിനേഷൻ പൂരിപ്പിക്കുമ്പോൾ ഉണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കാൻ ഒരു ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നതായിരിക്കും.
11. തെരഞ്ഞെടുപ്പിൽ ഗ്രീൻ പ്രോട്ടോകോൾ, ഹെൽത്ത് പ്രോട്ടോകോൾ എന്നിവ പാലിക്കേണ്ടതാണ്.
12. തെരഞ്ഞെടുപ്പിനുവേണ്ടി ചെയ്ത എല്ലാ പ്രചാരണ ബോർഡുകളും, അലങ്കാരങ്ങളും തോരണങ്ങളും, ബാനറുകളും തെരഞ്ഞെടുപ്പ് ഫലം വന്നു 48 മണിക്കൂറിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്.
13. ഒരു വോട്ടർ ഒരേ പോസ്റ്റിലേക്ക് ഒന്നിലധികം വ്യക്തികളെ പ്രൊപ്പോസ് ചെയ്യാനോ സെക്കന്റ് ചെയ്യാനോ പാടില്ല.
14. ഒരു പോസ്റ്റിലേക്ക് ഒരാളെ പ്രൊപ്പോസ് ചെയ്ത വ്യക്തി അതേ പോസ്റ്റിലേക്ക് മറ്റൊരാളെ സെക്കന്റ് ചെയ്യാൻ പാടില്ല.
15. ഒരു പോസ്റ്റിലേക്ക് നാമനിർദേശം ചെയ്യപ്പെട്ട വ്യക്തി, മറ്റൊരാളെ അതെ

പോസ്റ്റിലേക്ക് പ്രൊപ്പോസ് ചെയ്യാനോ സെക്കൻഡ് ചെയ്യാനോ പാടില്ല.

16. സൂക്ഷ്മപരിശോധനയുടെ സമയത്ത് സ്ഥാനാർത്ഥിക്കോ അല്ലെങ്കിൽ വോട്ടർ പട്ടികയിൽ നിന്ന് സ്ഥാനാർത്ഥി നാമനിർദേശം ചെയ്യുന്ന വ്യക്തിക്കോ മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ.

17. വോട്ടർ പട്ടികയിൽ പേരുള്ള വ്യക്തികൾക്കു മാത്രമേ കോളേജ് ക്യാമ്പ സിനുള്ളിൽ തെരഞ്ഞെടുപ്പ് അനുബന്ധ പ്രവർത്തനങ്ങൾ നടത്താൻ അനുമതിയുള്ളൂ.

18. ഇലക്ഷനിൽ മത്സരിക്കുന്നവർക്ക് മിനിമം 75 ശതമാനം ഹാജർ ഇലക്ഷൻ നോട്ടിഫൈ ചെയ്ത ദിവസം വരെ ഉണ്ടായിരിക്കണം, അരിയർ പേപ്പറുകൾ ഉണ്ടാകാനോ, ഇവർ അച്ചടക്ക നടപടികൾ നേരിട്ടവരോ ആകാൻ പാടില്ല . ഈ മൂന്നു കാര്യങ്ങളും സത്യമാണെന്നുള്ള വകുപ്പ് തലവന്മാരുടെ സാക്ഷ്യപ്പെടുത്തൽ നാമനിർദേശ പത്രികയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

19. വോട്ടെടുപ്പ് 29/09/2023 ന വെള്ളിയാഴ്ച9.30 am മുതൽ 12.30pm വരെ ആണ്. വോട്ടെടുപ്പ് നടക്കുന്ന സമയം പോളിംഗ് ബൂത്തിൽ പ്രിസൈഡിങ് ഓഫീസറുടെയും അയാൾ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ എല്ലാ വോട്ടർമാരും പാലിക്കേണ്ടത് ആണ്.

20. വോട്ടു ചെയ്യുന്നതിന് യൂണിഫോം, കോളേജിന്റെ തിരിച്ചറിയൽ കാർഡ് ഇവ നിർബന്ധമാണ്.

21. കണ്ണൂർ യൂണിവേഴ്സിറ്റിയുടെയും, കോളേജിന്റെയും, ലിങ്തോ കമ്മിറ്റിയുടെയും നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് സ്ഥാനാർഥിത്വം അസാധുവാക്കപ്പെടുന്നതിനും ഇലക്ഷൻ മാറ്റി വെക്കപ്പെടുന്നതിനും കാരണമാകാം.

**NB: മുകളിൽ പരാമർശിച്ച എല്ലാ നിർദേശങ്ങളും ലിങ്ദോ കമ്മിറ്റിയുടെ ശുപാർശക്കും, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ നിയമാവലിക്കും വിധേയമായിരിക്കും.**

**18/09/2023**

MANANTHAVADI

Mary Matha Arts & Science College, Mananthavady 04935 240087 Pin 670645 P O Vemom

Returning Officer
Mary Matha Arts & Science College
P.O. Vemom, Mananthavady - 670645

Principal
Mary Matha Arts & Science College
P.O. Vemom, Mananthavady-670 645

വിദ്യാർഥി പ്രതിനിധികൾ

1) Muhammed Yasir
2) Sidharth S
3) Aiswarya. V
4) Anya P Raveendran
5) Vishnu A.B
6) Siraj O.S
7) Ajmal. PH
8) Alan Shibu
9) Nevin Mathew